"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - 'സുഭിക്ഷ കേരളം' പദ്ധതി വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.928/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/05/2020

പരാമർശം:- 1 05.12.2019-ലെ സ.ഉ.(കൈ) 157/2019/തസ്വഭവ

2 31.03.2020-ലെ സ.ഉ.(കൈ) നം.59/2020/തസ്വഭവ

3 11.04.2020-ലെ സ.ഉ.(കൈ) 62/2020/തസ്വഭവ

4 29.04.2020 -ലെ സ.ഉ(സാധാ) നം.794/2020 തസ്വഭവ

5 18.05.2020-ലെ സ.ഉ.(കൈ) നം.14/2020/ആ.സാ.വ.

<u>ഉത്തരവ്</u>

ഭക്ഷ്യോത്പ്പാദന വർദ്ധനവ് ലക്ഷ്യമിടുന്ന 'സുഭിക്ഷ കേരളം' പദ്ധതിയുടെ മാർഗരേഖ പരാമർശം 5 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയാവുന്നത്ര എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഇതിന്റെ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് ഈ പദ്ധതിക്കായി വിഹിതം കണ്ടെത്തുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

2. ഭക്ഷ്യ സ്വയം പര്യാപ്തമായ കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടേതായ സംഭാവന നൽകണം. ഇന്നത്തെ സാഹചര്യത്തിൽ പരമാവധി വിഹിതം കണ്ടെത്തി കൃഷി-അനുബന്ധ മേഖലകളിലെ സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശ്രമം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടത്തേണ്ടതാണ്.

3. ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ 2020-21 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് 'സുഭിക്ഷ കേരളം' പദ്ധതിക്കായി വിഹിതം കണ്ടെത്തണം. വിഹിതം കണ്ടെത്തുന്നതിന്, അനിവാര്യ പ്രോജക്ടുകൾ ഒഴികെയുള്ള ഏത് പുതിയ പ്രോജക്ടും ഭേദഗതി ചെയ്യാവുന്നതാണ്. ജില്ലാ ആസൂത്രണസമിതിയുടെ ക്ളിയറൻസ് ലഭിക്കാത്തതോ, വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ലഭിക്കാത്തതോ, വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ലഭിച്ചതോ, വെറ്റിംഗിന് അയയ്ക്കാത്തതോ ആയവ ഉൾപ്പെടെയുള്ള പുതിയ പ്രോജക്ടുകൾ ഭേദഗതി ചെയ്യാം.

4. അടിയന്തിര പ്രാധാന്യമില്ലാത്തതും നിർവഹണത്തിന് കാലതാമസം എടുക്കുന്നതും താരതമ്യേന മുൻഗണന കുറഞ്ഞതും ആയ എല്ലാ പ്രോജക്ടുകളും ഒഴിവാക്കി വരും

വർഷങ്ങളിലേയ്ക്ക് മാറ്റേണ്ടതാണ്.

5. റോഡ് പ്രവൃത്തികൾക്ക് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, കേരള പുനർ നിർമ്മാണ പദ്ധതി (ആർ.കെ.ഐ), മെയിന്റനൻസ് ഫണ്ട് തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും വിഹിതം ലഭിക്കുന്നതിനാൽ വികസന ഫണ്ട് വിഹിതത്തിൽ പശ്ചാത്തല മേഖലയ്ക്ക് ഈ വർഷം താരതമ്യേന കുറഞ്ഞ പരിഗണന നൽകിയാൽ മതിയാകും. വളരെ അത്യാവശ്യമെന്നു തോന്നുന്ന പ്രോജക്ടുകൾ മാത്രം വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്.

6. മേൽ പറഞ്ഞ പ്രകാരം പദ്ധതി ഭേദഗതി ചെയ്ത് കണ്ടെത്തുന്ന വിഹിതം കാർഷിക-അനുബന്ധ മേഖലകൾക്ക് വകയിരുത്തണം. പുതിയ പ്രോജക്ടുകൾ ഉൾപ്പെടുത്തുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ആകാം.

7. വാർഷിക പദ്ധതി ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയ ശേഷം പ്രോജക്ടുകളുടെ വെറ്റിംഗ് നടപടികൾ പൂർത്തിയാക്കിയാൽ മതിയാകും. ഇതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്.

8. 'സുഭിക്ഷ കേരളം' പദ്ധതിക്ക് വിഹിതം കണ്ടെത്തുന്നതിനുവേണ്ടി വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്ന ഈ സന്ദർഭത്തിൽ സ്പിൽഓവർ പ്രോജക്ടുകൾ കൂട്ടിച്ചേർക്കേണ്ടതില്ല. അതുപോലെ കൊവിഡിന്റെ പശ്ചാത്തലത്തിൽ പരാമർശം 3, 4 പ്രകാരം അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുത്ത പ്രോജക്ടുകളും (ജി.ഒ. പ്രോജക്ടുകളും) പദ്ധതിയിൽ ഇപ്പോൾ കൂട്ടിച്ചേർക്കേണ്ടതില്ല. ഇവ കൂട്ടിച്ചേർക്കുന്നതിന് പിന്നീട് അവസരം നൽകുന്നതാണ്. എന്നാൽ പരാമർശം 4-ലെ ഖണ്ഡിക 7.2-ൽ നിർദ്ദേശിച്ചിരുന്നത് പ്രകാരം കാർഷിക മേഖലയിൽ പ്രത്യേക പ്രോജക്ടുകൾ (special projects) ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അത്തരം പ്രോജക്ടുകൾ ഇപ്പോൾ നടത്തുന്ന ഭേദഗതിയോടൊപ്പം, വിഹിതം കണ്ടെത്തി, പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

9. വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി 2020 മേയ് 30 -നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

10. ഉല്പാദന മേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് പരാമർശം 5-ലെ നടപടിക്രമങ്ങൾ അവലംബിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും
6. എല്ലാ ജില്ലാകളക്ടർമാർക്കും
7. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
8. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
9. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
10. എല്ലാ നഗര കാര്യാ മേഖല ജോയിന്റ് ഡയറക്ടർമാർക്കും

11. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
14. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
15. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എസ്സ്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എസ്സ്

ഉത്തരവിൻ പ്രകാരം

Nisam. N

സെക്ഷൻ ഓഫീസർ